Draft #1 of File 162740/IIRB S-2/2022/IIRBS Approved by Honorary Director IIRBS on 15-Nov-2022 02:53 PM - Page 1

Quotation No. - 162740/IIRB S-2/2022/IIRBS

15.11.2022

**ക്വട്ടേഷൻ നോട്ടീസ്**

സൂചന : സർവകലാശാലാ ഉത്തരവ് നമ്പർ 9004/P&D1/2022/MGU തിയതി 31.08.2022

.

മഹാത്മാഗാന്ധി സർവകലാശാലയിലെ ഐ.ഐ.ആർ.ബി.എസ് എന്ന സ്ഥാപനത്തിന് (സൂചന പ്രകാരം) അനുവദിക്കപ്പെട്ട തുകയിൽ നിന്നും താഴെ സൂചിപ്പിച്ചിരിക്കുന്ന നിബന്ധനകൾ പ്രകാരം ചുവടെ ചേർക്കുന്ന സാധന സാമഗ്രികൾ വിതരണം ചെയ്ത് ഉത്തരവാദിത്വത്തോടെ സ്ഥാപിച്ചു അനുബന്ധ ജോലികൾ പൂർത്തീകരിച്ചു തരുന്നതിന് വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**സാധനസാമഗ്രികൾ**

സാനിറ്ററി പാഡ് ഡിസ്പോസർ പുകക്കുഴൽ സഹിതം - 3 എണ്ണം തുരുമ്പടിക്കാത്തതു (Rust Proof )
(Sanitary Pad Disposer with smoke pipe- 3 Nos )

## Specifications

15 മുതൽ 20 പാഡുകൾ 40 മിനിറ്റുകൾക്കുള്ളിൽ Bio degradable ash ആകുകയും Collection tray യിൽ 50 എണ്ണെണ്ണത്തിന്റെ ചാരം ഉൾക്കൊള്ളാൻ ഉള്ള സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്

**ഘടിപ്പിക്കേണ്ട സ്ഥലം**

IIRBS ലേഡീസ് ടോയ്‌ലറ്റ് ഒന്നാം നില -1
IIRBS ലേഡീസ് ടോയ്‌ലറ്റ് രണ്ടാം നില -1
IIRBS ലേഡീസ് ടോയ്‌ലറ്റ് മൂന്നാം നില -1

**അനുബന്ധ ജോലികൾ**

ടോയ്‌ലറ്റുകളുടെ അടുത്തുള്ള പവർ പോയിന്റിൽ നിന്നും സപ്ലൈ എത്തിക്കാനുള്ള പണികൾ,പവർ സപ്ലൈ ലേക്ക് ഘടിപ്പിക്കാനുള്ള പവർ സോക്കറ്റ് പിന്നും ഇൻഡിക്കേറ്റർ സ്വിച്ച്ചും സോക്കറ്റും ഉൾപ്പടെ, പുകക്കുഴൽ വെളിയിലേക്കു വെയ്ക്കാനുള്ള അനുബന്ധ ജോലികളും, യൂണിറ്റ് മതിലിൽ ഉറപ്പിക്കാൻ വേണ്ട സാമാഗ്രികളും കൂടി ഉൾപ്പെടെ ആയിരിക്കണം തുക ക്വോട്ട് ചെയ്യേണ്ടത്

( ഉയരത്തിലുള്ള ജോലികൾ ചെയ്യാൻ ഏണിയും മറ്റു സാമഗ്രികളും കൂടെ കരുതേണ്ടതാണ് )

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**പ്രത്യേക നിബന്ധനകൾ**

1.ക്വട്ടേഷൻ അടങ്ങുന്ന കവറിന് പുറത്ത് ക്വട്ടേഷൻ നമ്പർ തീയതി എന്നിവ രേഖപ്പെടുത്തേണ്ടതും. ഓണററി ഡയറക്ടർ, ഐ.ഐ.ആർ.ബി.എസ്, മഹാത്മാഗാന്ധി സർവ്വകലാശാല, പി.ഡി.ഹിൽസ് പിഒ. കോട്ടയം. 686560. എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതുമാണ്.

2.ക്വട്ടേഷൻ സമർപ്പിക്കുന്നവർ അതിനു മുൻപായി പണി നടത്തേണ്ട സ്ഥലം സന്ദർശിക്കുന്നത് അഭികാമ്യമാണ്.

3.ക്വട്ടേഷൻ സമർപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.

4.ക്വട്ടേഷനുകൾ തുറക്കുന്ന ദിവസം അവധി ആണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേസമയം തുറക്കുന്നതാണ്. ക്വട്ടേഷൻ മാറ്റി വെക്കുവാനോ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും.

5.എല്ലാവിധ നികുതിയും, പാക്കിങ്, ട്രാൻസ്പോർട്ടേഷൻ ചാർജ് മുതലായവ ക്വട്ടേഷൻ തുകയിൽ ഉൾപ്പെടുത്തേണ്ടതാണ്.

6.എല്ലാ ജോലികളും ഉൾപ്പെടുത്തിയ ക്വട്ടേഷൻ മാത്രമേ സ്വീകരിക്കുകയുള്ളൂ.

7.ജോലി പൂർത്തീകരിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് വാറൻറി ബാധകമായിരിക്കും.

8.പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ ബില്ലുകളും സമർപ്പിച്ചതിനു ശേഷം സർവകലാശാലയിലെ എൻജിനിയറിങ് വിഭാഗം ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തി TDS കഴിച്ച് ബില്ല് പാസ്സാകുന്ന മുറയ്ക്കേ തുക അനുവദിക്കുകയുള്ളൂ ,

9.ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി / സ്ഥാപനം മുഴുവൻ തുകയുടെ 1 % വരുന്ന തുക സെക്യൂരിറ്റി ആയി അടക്കേണ്ടതാണ് .

10.GST നമ്പർ ബില്ലുകളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

| |
|---|
| **ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി :- 23.11.2022 സമയം : 12.00 PM** |
| **ക്വട്ടേഷൻ തുറക്കുന്ന തീയതി : 23.11.2022 സമയം : 2.00 PM നു ശേഷം** |

വിശ്വസ്തതയോടെ,

Dr. ANAS .
Honorary Director IIRBS

Draft #1 of File 162740/IIRB S-2/2022/IIRBS Approved by Honorary Director IIRBS on 15-Nov-2022 02:53 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം